# പെസഹാ വ്യാഴം

## തിരുക്കർമ്മ വ്യാഖ്യാനം

ഇന്നും നാളെയും മറ്റെന്നാളും നമ്മുടെ ആരാധനാ ജീവിതത്തിലെ സുപ്രധാനമായ ദിനങ്ങളാണ്. അതുകൊണ്ടുതന്നെ നാം ഈ ദിനങ്ങളെ പെസഹാ ത്രിദിനങ്ങളെന്നു വിളിക്കുന്നു.

അന്ത്യഅത്താഴത്തിൽ നമ്മുടെ കർത്താവു ചെയ്തതും പഠിപ്പിച്ചതുമായ കാര്യങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടദിനാമാണ് പെസഹാവ്യാഴാഴ്ചയായ ഇന്നേദിവസം. ഇന്നത്തെ തിരുകർമ്മത്തിൽ പ്രധാനമായും ദൈവവചന പ്രഘോഷണം, പാദക്ഷാളന കർമ്മം, സ്തോത്രയാഗം, ദിവ്യകാരുണ്യ സ്വീകരണം, പ്രദക്ഷിണം, ആരാധന എന്നിവ ഉൾപ്പെുന്നു. ഇന്നും നാളെയും വിശ്വാസികൾക്കാവശ്യമായ ദിവ്യകാരുണ്യം പരികർമ്മം ചെയ്യപ്പെടുന്നതും ഈ തിരുവത്താഴപൂജയിലാണ്.

## ദൈവവചന പ്രഘോഷണം

ഒന്നാം വായനയിൽ പുറപ്പാടിൻെറ പുസ്തകത്തിൽ ദൈവകൽപന പ്രകാരം ഈജിപ്റ്റിൻെറ അടിമത്വത്തിൽ നിന്നും വാഗ്ദത്തഭൂമിയിലെ സ്വാതന്ത്ര്യത്തിലേക്ക് കടന്നുപോകാൻ പെസഹാഭക്ഷിക്കാനും കുഞ്ഞാടിൻെറ രക്തം കട്ടിളപ്പടിയിൽ തളിക്കാനും ദൈവീക ഇടപെടലിലൂടെ സംജാതമായ സ്വാതന്ത്ര്യാനുഭവം തലമുറകശക്കു കൈമാറാനുമായി പെസഹാതിരുനാൾ ആഘോഷിക്കാനും ദൈവം നിർദ്ദേശിക്കുമ്പോൾ ഈ ലോക ജിവിതത്തിൽ യേശുവോടൊത്ത് പിതാവായ ദൈവത്തിങ്കലേക്കു നിരന്തരം പുറപ്പാടിൻെറ തിക്തതയുടേയും ദൈവീക സാന്നിദ്ധ്യത്തിൻേറയും അനുഗ്രൃഹീതമായ അനുഭവത്തിലേക്കുള്ള വിളി നമുക്കുശ്രവിക്കാം

രണ്ടാം വായനയിൽ വി. പൗലോസ് അപ്പോസ്തലൻ നമ്മെ ഓർമ്മിപ്പിക്കുന്നത് പെസഹാ വിരുന്നിലെ പങ്കാളിത്തം ക്രിസ്തുനാഥൻെറ രക്തത്തിലുള്ള പങ്കുചേരലിനെക്കുറിച്ചും പൗരോഹിത്യത്തിൻേറയും നിത്യജീവപ്രദായകമായ ദിവ്യകാരുണ്യത്തിൻേറയും സ്ഥാപനത്തേക്കുറിച്ചുമാണ്. വൈദീകർക്കും പൗരോഹിത്യ ദൈവവിളിക്കുവേണ്ടി പ്രാർത്ഥിച്ചുകൊുണ്ടും വചനം നമുക്കുശ്രവിക്കാം.

സുവിശേഷത്തിലാകട്ടെ അന്ത്യഅത്താഴത്തിലെ ദിവ്യകാരുണ്യ സ്ഥാപനത്തിനിടയിൽ നടന്ന അനുരഞ്ജനത്തിൻേറയും എളിമയുടേയും സേവനത്തിൻേറയും മഹനീയ മാതൃകയായ പാദക്ഷാളന ശുശ്രൂഷയെ അനുസ്മരിപ്പിക്കുന്നു. ആകയാൽ എളിമയോടെ ദൈവവുമായും, സഹോദരങ്ങളുമായും നമ്മളുമായും രമ്യപ്പെട്ട് സ്നേഹ സേവന പാതയിലൂടെ ക്രിസ്തുനാഥനെ അനുഗമിക്കുവാനായി വചനം നമുക്കുശ്രവിക്കാം.

## പാദക്ഷാളന കർമ്മം

ഇത് വെറുമൊരു ചടങ്ങല്ല. ക്രൈസ്തവർ മുഴുവൻ അനുകരിക്കേണ്ട ഒരു ജിവിത മാതൃകയാണ്. അത്യുന്നതനായ ദൈവം സ്വയം താഴ്ന്ന് മനുഷ്യരുടെ ദാസനാകുന്നു. ഗുരുവും നാഥനുമായ ദൈവം ശിഷ്യരുടെ സേവകനാകുന്നു. ജാതി, വർണ്ണ, വർഗ്ഗ വ്യത്യാസമില്ലാതെ ക്രൈസ്തവ സഭാ കുടുംബത്തിലെ അംഗങ്ങൾ പരസ്പരം തുല്യരായി പരിഗണിച്ച് സ്നേഹത്തിലധിഷ്ഠിതമായ എളിമയുടേയും ദാസ്യവൃത്തിയുടേയും സേവനപാത അനുകരിക്കണമെന്ന് പഠിപ്പിക്കുകയാണ് യേശുനാഥൻ. യേശുനാഥൻെറ മുൻപിൽ മുഖംമൂടികളില്ലാതെ സ്വന്തംസത്ത വെളിപ്പെടുത്തി നിത്യജീവനിൽ നാം പങ്കുപറ്റണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. ജീവിതവിശുദ്ധീകരണത്തിൻെറ മഹത്വമേറിയ നാഴികയാണിത്. ഇതാസമയം ആഗതമായിരിക്കുന്നു. ഭക്തിയോടെ സ്നേഹ സേവന മാതൃക സ്വന്തമാക്കുവാൻ പാദക്ഷാളന കർമ്മത്തിൽ പങ്കുചേരാം.

## സ്തോത്രയാഗം

ക്രിസ്തുവിൻെറ ശരീരമാകുവാനും സഭാവളർച്ചയിൽ പങ്കുചേരുവാനുമായി അൾത്താരയിൽ അപ്പവും വീഞ്ഞുമായി കാഴ്ച വയ്ക്കുന്ന നമ്മെയാണ് വൈദീകൻ കൂദാശവചനത്തിലൂടെയും തനിക്കു ലഭിച്ച പൗരോഹിത്യാധികാരത്തിൽൂടെയും ക്രിസ്തുവാക്കി പിതാവായ ദൈവത്തിന് അർപ്പിക്കുന്നത് അകയാൽ നമ്മെ സമർപ്പിക്കാൻ കാഴ്ചയർപ്പണത്തിനണയാം

## ദിവ്യകാരുണ്യ പ്രദക്ഷിണം, ആരാധന

പൗരോഹിത്യത്തിൻേറയും ദിവ്യകാരുണ്യ സ്ഥാപനത്തിൻേറയും ദിനമായ ഇന്ന് സഭ ലോകമെമ്പാടും ദിവ്യകാരുണ്യനാഥൻെറ മുൻപിൽ ആരാധനക്കായി അണയുകയാണ്. വൈദീക സന്യസ്ത ദൈവവിളിക്കായും ദൈവീക ശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവർക്കായും നമുക്കിന്നു പ്രത്യേകം പ്രാർത്ഥിക്കാം. പാപത്തിൽ വീഴാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ ശിഷ്യഗണത്തോടു കൽപിച്ച നാഥൻെറ വാക്കുകൾ അനുസ്മരിച്ച് ക്രിസ്തീയ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കാൻ ശക്തിക്കായി നമുക്കും ഈ ആരാധനയിൽ പങ്കുചേരാം.

# ദുഃഖവെള്ളി

## തിരുക്കർമ്മ വ്യാഖ്യാനം

ഇന്നത്തെ തിരുക്കർമ്മത്തിൽ മൂന്നു ഘട്ടങ്ങളാണ് ഉള്ളത്.

1. ദൈവവചന പ്രഘോഷണകർമ്മം 2. കുരിശാരാധന 3. ദിവ്യകാരുണ്യ സ്വീകരണം

പ്രാരംഭത്തിൽ വൈദികനും പരിചരന്മാരും ചുവപ്പ് തിരുവസ്ത്രങ്ങളണിഞ്ഞ് നമ്മുടെ പ്രതിനിധിയായി വിശുദ്ധവേദിയിൽ പ്രവേശിച്ച് വണങ്ങി സാഷ്ടാംഗപ്രണാമം ചെയ്യുന്നു. ഈ സാഷ്ടാംഗപ്രണാമം നാം ചെയ്ത പാപത്തോടുള്ള നമ്മുടെ ലജ്ജയും ദുഃഖവും പ്രകടമാക്കുകയാണ്. ദിവ്യസുതന്റെ മരണത്തിനു കാരണക്കാരും കൊലപാതകികളുമായവർ പിതാവിന്റെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്ത് മാപ്പപേക്ഷിക്കുന്നു. ഇടവകയിലെ എല്ലാവരും ഇടവകവികാരിയോടു ചേർന്ന് ഒരുകുടുംബം എന്ന നിലയിൽ തങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുകയും ഒരുകുടുംബം എന്ന നിലയിൽ നമുക്കുവേണ്ടിമരിച്ച ക്രിസ്തുനാഥനോടു നന്ദി പ്രകടിപ്പിക്കുയും കുടുംബനാഥനായ ക്രിസ്തുവിനോടു ചേർന്ന് ഒരുകുടുംബമെന്ന നിലയിൽ ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്യുകയാണിന്ന്.

## 1. ദൈവവചന പ്രഘോഷണകർമ്മം

ഇസയാസ് പ്രവാചകന്റെ പുസ്തകത്തിൽ യേശുവിനെ ദുഃഖിതനായ മനുഷ്യനായും ആ ദുഃഖത്തിനു കാരണം നമ്മുടെ പാപങ്ങളാണെന്നും ദൈവദാസന്റെ ഈ സഹനം അനേകർക്കു രക്ഷയായി ഭവിക്കുമെന്നും പ്രസ്താവിക്കുമ്പോൾ സങ്കീർത്തകൻ ദൈവകരങ്ങളിൽ ആത്മാവിനെ സമർപ്പിച്ച് സംതൃപ്തനാകുന്നു.

ഹെബ്രായരുടെ ലേഖനത്തിൽ നിന്നുമുള്ള രണ്ടാമത്തെ വായനയിൽ യേശുവിന്റെ പീഡകൾ മറ്റാരുടേയും സഹനത്തോടു താരതമ്യപ്പെടുത്തുവാൻ ആവില്ലെന്നും പാപത്തെയും മരണത്തേയും ജയിച്ച അവിടുന്നു നമ്മോടൊപ്പമുണ്ടെന്നും അവിടുത്തെ വചനം കേട്ട് പ്രചോദിതരായി അവിടുന്നാൽ നയിക്കപ്പെടുവാൻ നാം തയ്യാറാകണമെന്നും നമ്മെ ഉത്ബോധിപ്പിക്കുന്നു. തന്റെ പീഡാസഹനത്തിലൂടെ നമുക്കു രക്ഷ നൽകിയ ദൈവത്തോടു നന്ദി പ്രകടിപ്പിച്ചുകൊണ്ട് വചനം നമുക്കുശ്രവിക്കാം.

സുവിശേഷത്തിൽ യേശുനാഥൻ സഹിച്ച പീഡകളേയും എന്തുകൊണ്ട് യേശുനാഥൻ പീഡകൾ സഹിച്ചുവെന്നും ഇതെല്ലാം തനിക്കു സംഭവിക്കമെന്നറിഞ്ഞ് സ്വമേധയാ നമുക്കായി അവിടുന്നു തന്നെത്തന്നെ സമർപ്പിച്ചുവെന്നും യോഹന്നാനും നമ്മെ അറിയിക്കുന്നു. ഭക്തിയോടെ കണ്ണീരോടെ വചനം നമുക്കുശ്രവിക്കാം.

## വിശ്വാസികളുടെ പ്രാർത്ഥന

ദൈവവചനത്തിലൂടെ ദൈവസ്നേഹത്തിന്റെ ആഴമറിഞ്ഞ നാം നമ്മുടെ പാപാവസ്ഥയും കഴിവില്ലായ്മയും ദൈവകാരുണ്യത്തിന്റെ ആവശ്യകതയും മനസ്സിലാക്കി നമുക്കും സഭക്കും സഭാ ശുശ്രൂഷകർക്കും വേണ്ടി മാത്രമല്ല സഭയേയും ക്രിസ്തുവിനേയും അറിയാത്തവർക്കും ദൈവത്തിൽ നിന്നും അകന്നുപോയവർക്കും ശത്രുക്കൾക്കും വേണ്ടിക്കൂടി പ്രാർത്ഥിക്കാം.

## 2. കുരിശാരാധന

കുടുംബാംഗങ്ങൾ പരേതനു നൽകുന്ന അന്ത്യ ചുംബനം പോലെ യേശു നാഥൻ നമുക്കുവേണ്ടി സഹിച്ച പീഡകളേയും അതിലൂടെ അവിടുന്നു നേടിത്തന്ന രക്ഷയും അനുസ്മരിച്ചുകൊണ്ട് വിശുദ്ധ കുരിശിനു നാം നൽകുന്ന ആരാധന, നമുക്കുവേണ്ടി കുരിശിൽ മരിച്ച യേശുനാഥനോടുള്ള നമ്മുടെ നന്ദിയും അവിടുത്തെ മരണത്തിനു കാരണമായ നമ്മുടെ പാപത്തെ നാം ഒഴിവാക്കുമെന്നുള്ള വാഗ്ദാനവും പ്രകടമാക്കുകയാണ്. നമ്മുടെ കുരിശു ചുംബനം യൂദാസിനേറതിനു തുല്യമാകാതെ പാപിനിയുടെ മനസ്താപത്തിന്റെ തായി മാറാൻ കുരിശാരാധനക്ക് അണയാം.

## 3. ദിവ്യകാരുണ്യ സ്വീകരണം

നമ്മോടൊപ്പം എന്നുമായിരിക്കാനും നമ്മുടെ ശരീരത്തിന്റെ ഭാഗമാകുവാനും യേശുനാഥൻ തന്റെ തിരുശരീരം നമുക്കാഹാരമായി നൽകുന്നു. ക്രിസ്തീയ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കാൻ വേണ്ട ശക്തി ലഭിക്കാനായി ഭക്തിയോടെ നാഥനെ സ്വികരിക്കാനണയാം.

# പെസഹാ ജാഗരം

## തിരുക്കർമ്മ വ്യാഖ്യാനം

വിശുദ്ധമായ ഈ രാത്രി, പുരാതനമായ കീഴ്‌വഴക്കമനുസരിച്ച്, കർത്താവിനുണ്ടിയുള്ള ജാഗര അനുഷ്ഠാനത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. യാത്രക്കു പോയിട്ടു മടങ്ങിയെത്തുന്ന യജമാനൻ തന്നെ സ്വീകരിക്കാൻ ജാഗരൂകരായിരിക്കുന്ന ഭൃത്യരെ തന്നോടൊപ്പം വിരുന്നിനിരുത്തും എന്ന സുവിശേഷ പ്രബോധനമോർത്തുകൊണ്ട് വിശ്വസികൾ ഇന്നേ ദിവസം തെളിച്ച വിളക്കുകളുമായി ദിവ്യനാഥൻെറ പ്രത്യാഗമനത്തെ പാർത്തിരിക്കുന്നു. ഇന്നത്തെ പെസഹാജാഗരാനു,ഷ്ഠാനത്തിൽ നാലു ഘട്ടങ്ങളുണ്ട്

1. ദീപാർച്ചനകർമ്മം 2. ദൈവവചനപ്രഘോഷണകർമ്മം 3. ജ്ഞാനസ്നാനകർമ്മം 4. സ്തോത്രയാഗകർമ്മം

**1. ദീപാർച്ചനകർമ്മത്തിൽ തീയും തിരിയും ആശീർവദിക്കലും പെസഹാപ്രഘോഷണവുമുണ്ട്.**

ഉത്ഥാനം ചെയ്ത ക്രിസ്തുനാഥൻ ദൈവവും മനുഷനുമായി തുടരുന്നു എന്നതാണ് പ്രതീകാിമകമായി നാം ആഘോഷിക്കുന്നത്. പ്രകാശവും ചൂടും നൽകുന്ന തീ ക്രിസ്തുനാഥൻെറ ദൈവീകജീവനെ പ്രതിനിധാനം ചെയ്യുമ്പോൾ ക്രിസ്തുനാഥൻ ഇവയും ജീവനും നൽകുന്നുവെന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുനാഥൻെറ മാനുഷിക ജീവിതത്തേയും അവിടുത്തെ തിരുശരീരത്തെയും പ്രതിനിധാനം ചെയ്യുന്ന പെസഹാതിരിയും പെസഹാതിരിയിൽ കുറിക്കുന്ന ഗ്രീക്ക്ഭാഷയിലെ ആദ്യത്തേയും അവസാനത്തേയും അക്ഷരങ്ങളായ ആൽഫായും ഒമേഗായും തന്നാണ്ടിൻെറ അക്കങ്ങളും ലോകാരംഭം മുതൽ ക്രിസ്തുനാഥൻ മനുഷ്യരുടേയും സമയത്തിൻേറയും മാത്രമല്ല എല്ലാറ്റിൻേറയും നാഥനാണെന്ന് സൂചിപ്പിക്കുന്നു. അഞ്ചു കുന്തിരിക്ക ഗോളങ്ങൾ നമ്മുടെ കർത്താവിൻെറ അഞ്ചു തിരുമുറിവുകളെയും സൂചിപ്പിക്കുന്ന തിരുക്കർമ്മത്തിൽ ഭക്തിയോടെ നമുക്കു പങ്കുചേരാം. പെസഹതിരി കത്തിച്ചശേഷം പിതാവ് ക്രിസ്തുവിൻ പ്രകാശം എന്ന് പാടുന്നു.മറുപടിയായി ജനം ദൈവഹിനു സ്തോത്രം എന്നാലപിക്കുന്നു. തുടർന്ന് വൈദീകരും പരികർമ്മികരും തിരികൾ കത്തിക്കുന്നു. ദൈവാലയമദ്ധ്യത്തിൽ രണ്ടാമതും പെസഹാതിരി ഉയർത്തി പാടുന്നു. തുടർന്ന് എല്ലാവരും തിരികൾ കത്തിക്കുന്നു. ബലിപീഡത്തിനു സമീപം പ്രദക്ഷിണമെത്തുമ്പോൾ മൂന്നാമതും പെസഹാതിരി ഉയർത്തി പാടുന്നു. തുടർന്ന് ദൈവാലയത്തിലെ വിളക്കുകൾ തെളിക്കുന്നു.

## പെസഹാപ്രഘോഷണം

ഉത്ഥാനം ചെയ്ത ക്രിസ്തുനാഥനെ സ്തുതിച്ചുകൊണ്ട് ആദിമ സഭ ആലപിച്ച പ്രാർത്ഥനാഗാനം ഭക്തിയോടെ നമുക്കാലപിക്കാം.

## 2. ദൈവവചനപ്രഘോഷണകർമ്മം

തിരികൾ അണച്ചശേഷം നമുക്കു ദൈവവചനം ശ്രവിക്കാം. പാലനാത്മകമായ കാരണങ്ങളാൽ പഴയനിയമത്തിൽ നിന്നും അഞ്ചും പുതിയ നിയമത്തിൽ നിന്നും രണ്ടും വായനകളാണ് നാം ഇന്ന് തിരഞ്ഞെടുത്തിരിക്കുന്നത്. എല്ലാവായനകളും ജ്ഞാനസ്നാനവുമായി ബന്ധപ്പെട്ടവയാണ്. ഓരോ വായനക്കും ശേഷം പ്രതിവചന സങ്കീർത്തനവും വചനാധിഷ്ടിത പ്രാർത്ഥനയും ക്രമീകരിച്ചിരിക്കുന്നു. ഉൽപത്തി പുസ്തകത്തിൽ നിന്നുള്ള ഒന്നാം വായനയിൽ ലോകസൃഷ്ടി പ്രതിപാദിക്കപ്പെടുന്നു നമ്മെയും പ്രപഞ്ചത്തെയും സൃഷ്ടിച്ച ദൈവത്തോടു നന്ദി പ്രനകടിപ്പിച്ചുകൊണ്ട് വചനം നമുക്കുശ്രവിക്കാം.

രണ്ടാമത്തെ വായനയിൽ ഉൽപത്തി പുസ്തകത്തിൽ നിന്നും അബ്രാമിൻെറ ബലി വിഷയമാകുമ്പോൾ വാഗ്ദാനങ്ങളിൽ വിശ്വസ്തനാകുന്ന ദൈവം നമ്മുടെയും പ്രാർത്ഥനകൾ കേൾക്കും എന്ന ഉയച്ച വിശ്വാസത്തോടെ വചനം നമുക്കുശ്രവിക്കാം.

മൂന്നാമത്തെ വായനയിൽ പുറപ്പാടിൻെറ പുസ്തകത്തിലെ ഈജിപ്റ്റിൻെറ അടിമത്വത്തിൽ നിന്നും വാഗ്ദത്തഭൂമിയിലെ സ്വാതന്ത്ര്യത്തിലേക്ക് ചെങ്കടൽ കടന്നുപോകുന്ന ഇസ്രായേൽ ജനത്തിൻെറ സംഭവം സ്വർഗ്ഗസ്വാതന്ത്ര്യത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ യേശുവിനാൽ നയിക്കപ്പെടുവാനായി വചനം നമുക്കുശ്രവിക്കാം.

നാലാമത്തെ വായനയിൽ ദൈവത്തിൻെറ സൗജന്യദാനമായ രക്ഷയുടെ പങ്കുവയ്ക്കൽ ഇസയാസ് പ്രവാചകൻ നമ്മെ ഓർമ്മിപ്പിക്കുമ്പോൾ സുവിശേഷാത്മക ജീവിതം നയിച്ച് ഏവരേയും രക്ഷയിലേക്ക് ആനയിക്കുവാനുള്ള ശക്തിക്കായി വചനം നമുക്കുശ്രവിക്കാം.

അഞ്ചാമത്തെ വായനയിൽ പാപം മോചിച്ച് ആത്മാവിനെ നൽകുന്നത് ദൈവശക്തിയുടേയും കാരുണ്യത്തിൻേറയും അടയാളമായി എസെക്കിയേൽ പ്രവാചകനും വരച്ചുകാട്ടുമ്പോൾ ദൈവകാരുണ്യത്തിലൂടെ പരിശുദ്ധാത്മാവിൻെറ ദൈവശക്തി ലഭിക്കുവാനായി വചനം നമുക്കുശ്രവിക്കാം.

പഴയനിയമപാഠകങ്ങളും പ്രാർത്ഥനയും തീരുന്നതോടെ ബലിപീഠത്തിലെ തിരികൾ കത്തിച്ച് അത്യുന്നതങ്ങളിൽ മഹത്വം എന്ന ഗീതി പാടുകയും തത്സമയം ദേവാലയമണികൾ മുഴങ്ങുകയും ചെയ്യുന്നു.

പുതിയനിയമത്തിൽ നിന്നും റോമാക്കാർക്കുള്ള ലേഖനത്തിൽ ജ്ഞാനസ്നാനത്തിൽ ക്രൈസ്തവർ ക്രിസ്തുവിനോടൊപ്പം മരിച്ച് അവിടുത്തോടൊപ്പം ജിവനിലേക്ക് ഉയിർക്കുന്നുവെന്ന് പൗലോസ് അപ്പോസ്തലൻ നമ്മെ പഠിപ്പിക്കുന്നു. മരണ സംസ്കാരത്തിൽ നിന്നും ജീവൻെറ സംസ്കാരത്തിലേക്ക് മാനവകുലത്തെ നയിക്കുവാൻ പാപത്തെ വെടിഞ്ഞ് പുതുജീവിത പ്രാപ്തിക്കായി വചനം നമുക്കുശ്രവിക്കാം.

സുവിശേഷത്തിൽ യേശുനാഥൻെറ മരണാനന്തര ചടങ്ങുകൾ പൂർത്തിയാക്കാൻ കല്ലറയിങ്കലേക്കു ചെന്ന സ്ത്രീകളേയും അവർക്കു അവിടെയുണ്ടായ ഉത്ഥാനാനുഭവവും ഉത്ഥാനരഹസ്യം പ്രഘോഷിക്കാനുള്ള അവരുടെ ദൗത്യവും ഗലീലിയാകുന്ന നമ്മുടെ ഇടവക ദൈവാലയത്തിൽ ഒരുകുടുംബമായി നാം ആരാധനയ്ക്കായി ഒത്തുചേരുമ്പോൾ ഉത്ഥിതനായ യേശുവിനെ അവിടെ കാണാമെന്ന് മാർക്കോസ് സുവിശേഷകൻ വർണ്ണിക്കുമ്പോൾ അനുദിനജീവിതത്തിൽ ക്രിസ്തുസാക്ഷികളാകാനുള്ള അനുഗ്രഹത്തിനായി വചനം നമുക്കുശ്രവിക്കാം.

**3. ജ്ഞാനസ്നാനത്തിരുകർമ്മം**

ദൈവത്തിൻെറ അനുഗ്രഹവർഷം ജ്ഞാനസ്നാന നീർത്തൊട്ടിയിലേക്കു പ്രസരിക്കുവാൻ സകല വിശുദ്ധരോടുള്ള പ്രാർത്ഥനാമാലയോടെ ആരംഭിക്കുന്നു. തുടർന്ന് ജ്ഞാനസ്നാനജലം ആശീർവദിക്കുകയും ജ്ഞാനസ്നാനത്തിലൂടെ പിശാചിനെ ഉപേക്ഷിച്ച് ദൈവത്തിനു സേവനം ചെയ്യാൻ നാം എടുത്ത പ്രതിജ്ഞ എല്ലാവരും മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ട് എഴുന്നേറ്റു നിന്ന് നവീകരിക്കുകയും ചെയ്യുന്നു. അതിനുശേഷം കാർമ്മികൻ ജനങ്ങളുടെമേൽ തീർത്ഥജലം തളിക്കുന്നു.

**4. സ്തോത്രയാഗകർമ്മം**

വിശ്വാസികളുടെ പ്രാർത്ഥനക്കുശേഷം കാഴ്ചവയ്പോടെ സ്തോത്രയാഗകർമ്മം ആരംഭിക്കുന്നു.

ഫാ. ഹയസിന്ദ് നായകം